# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038, KERALA
PHONE 8499 8234

വാല്യം 5 | 1984 ഏപ്രിൽ 29 | ലക്കം 12


## എഡിറേറാറിയൽ

### ബജററ്

ഈ കഴിഞ്ഞ ഏപ്രിൽ 14-ാം തീയതി കൂടിയ മലങ്കര സഭാ മാനേജിംഗ് കമ്മററിയിൽ, പതിനാലര കോടി രൂപയുടെ ബജററ് സമുദായ സെക്രട്ടറി അവതരിപ്പിക്കുകയുണ്ടായി. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സഭയുടെ വ്യക്തമായ ചിത്രം അവതരിപ്പിക്കുവാൻ ബജററ് പ്രസംഗത്തിൽ സെക്രട്ടറിക്കു് സാധിച്ചിട്ടുണ്ട്.

എ. ബി. സി. ഡി. എന്നിങ്ങനെ നാലു ഷെഡ്യൂളുകളിലായിട്ടാണ് സഭയുടെ മൊത്ത ബജററ് തയ്യാർ ചെയ്യുന്നതു്. ഇതിൽ എ ഷെഡ്യൂളിൽപ്പെട്ടവ മാത്രമേ മാനേജിംഗ് കമ്മററി ചർച്ച ചെയ്തു് പാസ്സാക്കുകയുള്ളൂ. ബി ഷെഡ്യൂളിൽപ്പെട്ടവ പ. സുന്നഹദോസും, സി ഷെഡ്യൂളിൽപ്പെട്ടവ അതതു സ്ഥാപനങ്ങളുടെ മാനേജിംഗ് ബോർഡും; ഡി ഷെഡ്യൂളിൽപ്പെട്ടവ അതതു് മെത്രാസന ഇടവക യോഗങ്ങളിലും ആണ് പാസ്സാക്കേണ്ടതു്. ഇതിൽ ആദ്യത്തേതു് ഒഴികെയുള്ളവ മാനേജിംഗ് കമ്മററിയുടെ അറിവിനായി അവതരിപ്പിക്ക മാത്രമേ ചെയ്യാറുള്ളൂ.

സഭയുടെ ലക്ഷ്യബോധത്തിലേക്കു് വിരൽ ചൂണ്ടുന്ന ധാരാളം നല്ല നിർദ്ദേശങ്ങൾ ബജററിൽ ഉൾക്കൊള്ളിക്കുകയും ഇരുപത്തിയൊന്നാം നൂററാണ്ടിലേക്കു് അതിവേഗം പ്രയാണം നടത്തിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ സഭയുടെ ദൗത്യം ഉത്തരവാദിത്വത്തോടുകൂടി സഭാംഗങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യുമ്പോൾ ബജററ് പ്രസംഗത്തിലൂടെ സെക്രട്ടറിക്കു് സാധിച്ചിട്ടുണ്ടു്. ആ വിഷയത്തിൽ അദ്ദേഹം അനുമോദനം അർഹിക്കുന്നു.

ഉദാഹരണത്തിനു് മുൻവർഷങ്ങളിൽനിന്നു് വ്യത്യസ്തമായി ഈ വർഷം എം. ഡി. കൊമേഴ്‌സ്യൽ സെൻററിൻെറ പൂർത്തീകരണം നിർദ്ധനർക്കു് ഭവനദാനം, കാതോലിക്കേററ് സെൻററുകളുടെ നിർമ്മാണം, തൊഴിൽരഹിതർക്കു് ഗവ: സഹകരണത്തോടെ തൊഴിൽദാനം, അർഹരായ സാധു വിദ്യാർത്ഥികൾക്കു് ഉപരിപഠനത്തിനു് ലോൺ, അഗതിമന്ദിരങ്ങളുടെ നിർമ്മാണം, ദേവാലയങ്ങളുടെ സ്ഥിതിവിവര ഡയറക്ടറി, തൊഴിൽ മാർഗ്ഗനിർദ്ദേശക പരിശീലന കേന്ദ്രങ്ങൾ തുടങ്ങി ധാരാളം പുതിയ ഇനങ്ങൾക്കു് ബജററിൽ കാര്യമായ പ്രാധാന്യം നൽകിയിട്ടുണ്ടു്.

എന്നാൽ യാഥാർത്ഥ്യങ്ങളോടു് പൊരുത്തപ്പെടാത്തതായ ചില ചില്ലറ പാളിച്ചകൾ ബജററിൽ നിഴലിച്ചു കാണുന്നില്ലേ എന്നു് ഞങ്ങൾ സംശയിക്കുന്നു. മാനേജിംഗ കമ്മററി നേരിട്ടു പാസ്സാക്കുന്ന എ ഷെഡ്യൂളിൽ ആകെയുള്ള രണ്ടരകോടി രൂപയുടെ ബജററിൽ ഒന്നരകോടി രൂപയും ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നു് പറയപ്പെടുന്ന ചില നൂതനമാർഗ്ഗങ്ങളിലൂടെ വന്നുചേരേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷം ഇപ്രകാരം വന്നുചേരുമെന്നു് പ്രതീക്ഷിച്ചിരുന്ന നിസ്സാരമായ പതിനഞ്ചു ലക്ഷം രൂപാ ഇതുവരെയും വന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഇത്തവണ ആ തുകയുടെ പതിന്മടങ്ങ് വന്നുചേരുമെന്നു് പ്രതീക്ഷിക്കുന്നതു് ഭാവനയുടെ ശൂന്യതയായി കണക്കാക്കപ്പെടാതിരിക്കുവാൻ തരമില്ല.

ബജററിനെ യാഥാർത്ഥ്യങ്ങളിൽ നിന്നകററി നിർത്തുവാൻ ഈ വസ്തുത പര്യാപ്തമാണെങ്കിലും നമ്മുടെ മാനേജിംഗ് കമ്മററി അംഗങ്ങളും വൈദികരും, ജനങ്ങളും, ഒററക്കെട്ടായി ആത്മാർത്ഥതയോടെ പരിശ്രമിക്കുമെങ്കിൽ ഈ ബജററിനെ യാഥാർത്ഥ്യവത്ക്കരിക്കുവാൻ സാധിക്കും എന്ന സെക്രട്ടറിയുടെ നിർദ്ദേശത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു.

ബജററിലെ നല്ല നിർദ്ദേശങ്ങൾ നടപ്പിലാക്കുവാനുള്ള വിഭവശേഷി കഠിനാദ്ധ്വാനത്തിലൂടെ നാം സമാഹരിക്കുമെങ്കിൽ ബജററ് നിർദ്ദേശങ്ങൾ, സഭയുടെ ദൗത്യ നിർവ്വഹണത്തിനു് ഒരു പുതിയ മാർഗ്ഗരേഖയായിരിക്കും എന്നതിൽ തർക്കമില്ല.

# വിദ്യാർത്ഥികൾ ദൈവാശ്രയം കൈവരിക്കണം: പ. ബാവാ

പരുമല: വിദ്യാർത്ഥികൾ ചെറുപ്പത്തിൽത്തന്നെ ഉറച്ച ദൈവാശ്രയവും വ്യക്തമായ ലക്ഷ്യബോധവും കൈവരിക്കണമെന്നു് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചു.

മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഒൻപതാം ക്ലാസിൽ നിന്നു് പ്രശസ്തമായി വിജയിച്ചവർക്കായി പരുമല സെമിനാരിയിൽ ഏപ്രിൽ 10–നു് ആരംഭിച്ച വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശക ക്യാമ്പു് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പരിശുദ്ധ ബാവാ.

ജീവിതത്തിൽ, ഉന്നതമായ പടവുകളിലേക്കു് നടന്നടുക്കുവാൻ ഈ ജീവിതനിഷ്ഠകൾ വിദ്യാർത്ഥികൾക്കു സഹായകമായിത്തീരുമെന്നും പ. ബാവാതിരുമനസ്സുകൊണ്ടു് വിദ്യാർത്ഥികളെ ഓർമ്മിപ്പിച്ചു.

ഉദ്ഘാടനസമ്മേളനത്തിൽ റമ്പാൻ തെയോഫോറസ്, ഫാ. ജോൺ തോമസ് എന്നിവർ പ്രസംഗിച്ചു.

ക്യാമ്പിൽ വിവിധ വിഷയങ്ങളെക്കുറിച്ചു് ഗീവർഗീസ് മാർ ഒസ്താത്തിയോസ് ഡോ. കെ.എം. തരകൻ, ഫാ. മാത്യൂ വൈദ്യൻ, ഫാ. മത്തായി, ഫാ. ടി. ജെ. ജോഷ്വാ ഫാ. പൗലൂസ് ഓ. ഐ. സി. റവ. ഡോ. ടി. ജെ. തോമസ്, ഫാ. ഒ. തോമസ്, ഡീക്കൻ ഒ.പി. വർഗ്ഗീസ്, റവ. ഡോ. ജേക്കബ് കുര്യൻ, റമ്പാൻ ബർശ്ലീബോ, മറിയം പി. ജോസ്, അന്നമ്മ ജോർജ്ജ്, കെ. കെ. ഏബ്രഹാം, ഡോ. കെ. പി. ജോണി, പി. പി. ചെറിയാൻ, കെ. സി. തോമസ്, എം. ടി. മേരിക്കുട്ടി, പ്രൊഫ. പി. സി. ഏലിയാസ്, കെ. എം. മാത്യൂ, പ്രൊഫ. മില്ലി തോമസ്, എന്നിവർ ക്ലാസുകൾ എടുത്തു.

ഏപ്രിൽ 18 ഞായറാഴ്ച ചേർന്ന സമാപന സമ്മേളനത്തിൽ തോമസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷത വഹിച്ചു.

ഫാ. പി. വി. ഏബ്രഹാം, പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ, പ്രൊഫ. വി.ഐ. നൈനാൻ, എൻ. എം. മാണി, അഡ്വ. അലക്സ് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

പ്രസ്ഥാനം സെക്രട്ടറി ഫാ. ജോൺ തോമസ് സ്വാഗതവും പ്രോഗ്രാം സെക്രട്ടറി ഫാ. തോമസ് കുര്യൻ കൃതജ്ഞതയും പറഞ്ഞു.

ക്യാമ്പിൽ 9–ാം ക്ലാസ്സിൽ ഉയർന്ന മാർക്കു വാങ്ങിയ സഭാംഗങ്ങളായ 50 പേർക്കായിരുന്നു പ്രവേശനം.

# എൻജിനിയറിംഗ് കോളജ് ട്രസ്റ്റിൻെറ പേരിൽ

സ്റ്റാഫ് എഡിററർ

കർണ്ണാടകയിൽ ഓർത്തഡോക്സ് സഭ ഒരു എഞ്ചിനീയറിംഗ് കോളേജിനു് അപേക്ഷ കൊടുത്തിട്ടുള്ളതു് അവിടെ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രസ്റ്റിൻെറ പേരിലാണ്. ഈ ട്രസ്റ്റിൻെറ പ്രസിഡൻറ് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ആണ്. എഡ്യൂക്കേഷൻ സൊസൈററി പ്രസിഡൻറ് ഈ ട്രസ്റ്റിൻെറ മാനേജിംഗ് ട്രസ്റ്റിയും ആയിരിക്കും.

എഡ്യൂക്കേഷൻ സൊസൈററി സെക്രട്ടറി; ട്രഷറാർ; സൊസൈററിയിൽ നിന്നു് നാമനിർദ്ദേശം ചെയ്യപ്പെടുന്ന നാലുപേർ; വൈദിക ട്രസ്റ്റി; അത്മായ ട്രസ്റ്റി; സമുദായ സെക്രട്ടറി എന്നിവർ ഈ ട്രസ്റ്റിൻെറ അംഗങ്ങളായിരിക്കും. ഈ ട്രസ്റ്റ് പരിപൂർണ്ണമായും എഡ്യൂക്കേഷൻ സൊസൈററിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായിരിക്കും.

ചോദ്യോത്തര വേളയിൽ പ്രൊഫ. പി. ഒ. ജോണിൻെറ ഒരു ചോദ്യത്തിനു് ഉത്തരമായി മാനേജിംഗ് കമ്മററിയിൽ സമുദായ സെക്രട്ടറി വെളിപ്പെടുത്തിയതാണ് ഈ വിവരങ്ങൾ.

# വൈദിക ശമ്പളപരിഷ്കരണം: പ. ബാവാ തിരുമനസിലെ കല്പന

സഭയുടെ ദൗത്യം നിർവഹിക്കുന്നതിൽ സുപ്രധാനമായ പങ്കു വഹിക്കുന്നത് നമ്മുടെ വൈദികരാണല്ലോ. അവരുടെ ആവശ്യങ്ങൾ അറിഞ്ഞു് പ്രവർത്തിക്കേണ്ടതു് നാമേവരുടെയും കർത്തവ്യമാണെന്നു് നാം അനുസ്മരിപ്പിക്കുന്നു. മുൻകാലങ്ങളിൽ കാനോനികമായി വ്യവസ്ഥ ചെയ്യപ്പെട്ടിരുന്ന പട്ടത്വവരുമാനം അവർക്കു് ലഭിച്ചിരുന്നു. എന്നാൽ ഇടവകയുടെ വലിപ്പ ചെറുപ്പമനുസരിച്ചു് ഈ വരുമാനം വ്യത്യാസപ്പെട്ടുകൊണ്ടിരുന്നു. ഈ കാലത്തു് പട്ടത്വവരുമാനം, പ്രത്യേകിച്ചു് വിവാഹ വരുമാനം വളരെ കുറവാണ്. ഉള്ള വരുമാനംതന്നെ പള്ളി വരുമാനമായി കണക്കാക്കപ്പെടുകയും പല പള്ളികളിലെയും പട്ടക്കാർക്കു് ഇടവകയുടെ സാമ്പത്തികശേഷിയനുസരിച്ചു് വിവിധനിരക്കുകളിൽ ശമ്പളം നിശ്ചയിക്കപ്പെടുകയും ചെയ്തു. ഈ കാര്യ

(ശേഷം 6-ാം പേജിൽ)

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

1988 ഏപ്രിൽ 29

# ആത്മാവിന്റെ ദാഹം

ഇന്നത്തെ മനുഷ്യരുടെ ദാഹം എന്തിനെല്ലാം വേണ്ടിയാണ്? ഓരോരുത്തരും, തങ്ങളുടെ പ്രത്യേക 'ദാഹങ്ങൾ' എന്തിനെല്ലാംവേണ്ടിയാണെന്നു പരിശോധിക്കട്ടെ. ചിലർക്കു പണം മാത്രം മതി; ചിലർക്ക് അതോടൊപ്പം കീർത്തിയും സ്ഥാനമാനങ്ങളും ഇന്ദ്രിയസന്തോഷങ്ങളും കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യവും വേണം. ഈ ദാഹങ്ങൾ തൃപ്തിപ്പെടുത്താൻ ഓരോരുത്തരും തങ്ങളാലാവുന്നതു ചെയ്യുന്നു. ആ പരിശ്രമം ഓരോരുത്തരുടേയും യഥാർത്ഥ സ്വഭാവം വെളിവാക്കും; അവ അവരെ രക്ഷിക്കയേ, നശിപ്പിക്കയോ ചെയ്തേക്കാം. പലർക്കും തങ്ങളുടെ ചില ദാഹങ്ങൾ നല്ലതും ധാർമ്മികവുമല്ലെന്നറിയാം. പക്ഷെ, അവർ വീണ്ടും അതിലേക്കുതന്നെ ചെന്നുവീഴും. അതു് അവരിലെ ഭൗതീക സുഖേച്ഛ ചത്തിട്ടില്ല എന്നതിന്റെ പ്രത്യക്ഷമായ അടയാളമാണ്. സ്ഥിരമായ മദ്യപാനശീലമുള്ളയാളിനു് വീണ്ടും വീണ്ടും മദ്യപിക്കാതെ വയ്യ; അയാൾ ഓരോ പ്രാവശ്യവും കുടിക്കാനൊരുങ്ങുമ്പോൾ എല്ലാം മറന്നു് അതിലേക്കോടിയെത്തുകയാണ്. കുടികഴിയുമ്പോൾവേണ്ടായിരുന്നു എന്നു തോന്നിയാലും അടുത്ത സന്ദർഭത്തിൽ ഉത്തേജനമുണ്ടാകുമ്പോൾ' മദ്യത്തിലേക്കു തന്നെ ആഹ്ളാദപൂർവ്വംമടങ്ങുന്നു. ഓരോരുത്തരുടെയും 'ദാഹങ്ങൾ' അവരുടെ ശരിയായ മനഃസ്ഥിതിയെയും താല്പര്യങ്ങളെയും രഹസ്യ-പരസ്യജീവിതത്തെയും ആഴത്തിൽ സ്പർശിക്കുന്നവയാണ്.

നല്ലതല്ലാത്ത ദാഹങ്ങളെ സ്ഥിരപരിശ്രമത്താലും, നിർബന്ധമായും തളത്തിക്കളയേണ്ടതാണ്. നല്ല തീരുമാനശക്തിയും, ദൈവവിശ്വാസവുംകൂടാതെ അശുദ്ധവും വികലവുമായ ദാഹങ്ങളിൽനിന്നും കരകയറാൻ എളുപ്പമല്ല.

മനുഷ്യാത്മാവു് ജീവനുള്ള ദൈവത്തിനായി ദാഹിക്കുന്ന ചിത്രമാണ് സങ്കീർത്തനപുസ്തകത്തിൽ എബ്രായകവി വരച്ചു കാട്ടുന്നതു് ആത്മാവിനു് ഭൗതികശരീരത്തിന്റെ പരിമിതികളോ ദൗർബല്യങ്ങളോ ഇല്ല. അതു് സൃഷ്ടാവിനെ മുഖാമുഖം ദർശിക്കാനും, തന്റെയടുക്കൽ ഓടിയെത്താനും അത്യാകാംക്ഷയോ

## ധ്യാനപീഠം

ടെ കാത്തിരിക്കുന്നു. ഈ അഭിവാഞ്ഛ ശരീര-മനസ്സുകളിലേക്കു സംക്രമിപ്പിക്കുന്നവൻ ഭാഗ്യവാൻ. സൽകർമ്മങ്ങൾ ചെയ്യാൻ താൽപര്യം വളരുന്നതു് അതിനാലാണ് മനുഷ്യർ. തിന്മയുടെ ആകർഷണങ്ങളോടു പ്രതികരിക്കാൻ കാട്ടുന്ന ഉൽസാഹത്തിന്റെ ഒരംശമെങ്കിലും നന്മയോടു് ക്രിയാത്മകമായി പ്രതികരിക്കാൻ ഉപയോഗിച്ചിരുന്നെങ്കിൽ സൃഷ്ടാവിനുവേണ്ടിയുള്ള ദാഹം അവരിൽ വളർന്നേനെ.

ശരീരം വിട്ടു് ക്രിസ്തുവിനോടു ചേരുവാൻ അഭിലഷിക്കുന്ന വി.പൗലൂസ് ആത്മാവിന്റെ ദാഹം ശരീരത്തിലും മനസ്സിലും ഏറ്റുവാങ്ങിയ പുണ്യാത്മാവാണ്. മരിക്കുന്നതു ലാഭം എന്നു പ്രഖ്യാപിക്കുന്നയാൾ ദൈവസന്നിധിയിലെ ആനന്ദാതിരേകത്തെ ദർശിച്ചവനാണ്. ഭൗതികസുഖങ്ങളിലും, അതിലെ ഓളങ്ങളിലും കുടുങ്ങിക്കിടക്കുന്ന മനസ്സിനു് ഇങ്ങനെയൊരു വാഞ്ഛയെ സങ്കല്പിക്കാൻപോലും കഴിയുകയില്ല. 'ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും' എന്നതു് വെറും ഒരു ആഗ്രഹപ്രകടനമല്ല. അതു് ജീവിതത്തിനു് ദിഗ്ബോധവും, അർത്ഥവും, നിറവും ഉണർവും എല്ലാം പകരാൻ പോരുന്നതാണ്. മരിക്കാൻ ഭയപ്പെടാത്തവർ, അഥവാ, അതു ലാഭമാണെന്നു് കണക്കാക്കുന്നവർ, തങ്ങൾ ദൈവസന്നിധാനത്തിലെത്തി, വിശുദ്ധന്മാരോടൊപ്പംതന്നെ കണ്ടാനന്ദിച്ചു് തന്നെ വണങ്ങാൻവേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുന്നവരാണ്. അവർക്കു് ഭൗതീകജീവിതവും, അതിലെ പൊള്ളയായ ആകർഷണങ്ങളും തടങ്കൽപാറപോലെയാണെന്നു് അവരുടെ വാക്കുകൾതന്നെ സാക്ഷിക്കുന്നു. നന്മ പ്രവർത്തിക്കാനുള്ള ഉൽക്കടമായ ആഗ്രഹവും, നന്മപ്രവൃത്തികൾ വരുത്തുന്ന സംതൃപ്തിയും പക്വതയും, ദൈവാത്മപ്രേരിതമായ ഒരു ഉത്തമമനസ്സാക്ഷിയുടെ ലക്ഷണമാണ്.

ജീവനിലും മരണത്തിലും ദൈവസന്നിധിയിലേക്കുള്ള പ്രതീക്ഷാനിർഭരമായ പ്രയാണമായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. മാററമില്ലാത്ത ലക്ഷ്യം യുവത്വത്തിന്റെ ആവേശവും മദ്ധ്യവയസ്ക്കരുടെ പരിപക്വതയും, വാർദ്ധക്യത്തിന്റെ നൈസർഗ്ഗിക ആശ്വാസവുമാകട്ടെ.

**പ്രാർത്ഥന:** ദൈവമേ! ഭൗതികസുഖങ്ങളിൽ മുഴുകാൻ വെമ്പൽകൊള്ളുന്ന എന്റെ മനസ്സിനെ നിങ്കലേക്കു കൂട്ടിച്ചേർക്കണമെ.

**ചിന്താവിഷയം** സങ്കീ: 42:2 'എന്റെ ആത്മാവു് ദൈവത്തിനായി ജീവനുള്ള ദൈവത്തിനായിതന്നെ, ദാഹിക്കുന്നു; ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും.'

**ഫാ. ജേക്കബ് ചെറിയാൻ**



# മലങ്കര അസോസ്യേഷനും തിരഞ്ഞെടുപ്പും

**ഫാ. സി. ജെ. ജോർജ് തുമ്പമൺ**

ഫാ. പി. സി. ഗീവറുഗീസ് 'മലങ്കര അസോസ്യേഷനും, തിരഞ്ഞെടുപ്പും' എന്ന ശീർഷകത്തിൽ തുമ്പമൺ 1988 ഫെബ്രുവരി 5-ലെ ഹെറാൾഡിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനംവായിച്ചു. അച്ചന്റെ ആശയങ്ങളോടു യോജിക്കുന്നു. എന്നാൽ അദ്ദേഹം വിട്ടുപോയ ചില ആശയങ്ങൾ കൂടിചേർക്കുന്നതു് ഉചിതമെന്നു കരുതട്ടെ!

1987 ഡിസംബറിൽ കൂടിയ അസോസ്യേഷനിൽ എന്തുകൊണ്ടു് ഒരാളെ തിരഞ്ഞെടുക്കാൻ കഴിയാതെ പോയി എന്നുചിന്തിക്കുന്നതു കൊള്ളാം.

### വ്യക്തിപരമായ താല്പര്യം

വ്യക്തി താല്പര്യം ഒരളവു വരെ നല്ലതാണെങ്കിലും, ഒരാളെക്കുറിച്ചു് ശരിയായി അറിയാതെ, ബാഹ്യമായ കാഴ്ചപ്പാടിലൂടെ പിൻതാങ്ങുമ്പോൾ, അങ്ങനെയുള്ളവരെക്കുറിച്ചു് നന്നായി അറിയാവുന്നവരും, മറ്റുള്ളവർ തന്നെയും എതിർക്കുക സ്വാഭാവികമാണ്. സ്ഥാനികൾക്കു് ഇങ്ങനെയുള്ള അവസരത്തിൽ, ജനായത്ത മാതൃകയിൽ വ്യക്തി താല്പര്യം ചേരുകയുമില്ല.

### അനർഹരായ സ്ഥാനാർത്ഥികളുടെ സ്ഥാനാർത്ഥിത്വം

കഷ്ടിച്ചു് S.S.L.C. പാസായവർ മുതൽ മേലോട്ടു് Post Graduate degree വരെ ഉള്ളവർ മത്സര രംഗത്തുണ്ടായിരുന്നു 35 വയസ്സു മുതൽ മേലോട്ടു് ഏതാണ്ടു് 80 വയസ്സു വരെ ഉള്ള വയസ്സു കടന്നവർക്കും മോഹം കുറവല്ലായിരുന്നു. സ്ഥാനാർത്ഥിത്വം കൊടുത്തനാൾ മുതൽ, പിൻവലിക്കയോ, പരാജയപ്പെടുകയോ ചെയ്തതു വരെ ഉറക്കം വരാത്തവരും ഉണ്ടെന്നുപറയുന്നു. 58 വയസ്സിൽ കൂടിയ ആൾ സ്ഥാനാർത്ഥിയായി നില്ക്കരുതെന്നു് പ. സുന്നഹദോസിന്റെ ഒരു തീരുമാനമുള്ളപ്പോൾ 80 കാർക്കു് സ്ഥാനാർത്ഥിത്വം നൽകാൻ ശങ്കിക്കാതിരിക്കണമെങ്കിൽ അളക്കാനാവാത്ത മോഹമാണല്ലോ പിന്നിലുള്ള പ്രേരണ. Theological Study ഉള്ളവരും, ഇല്ലാത്തവരും സ്ഥാനാർത്ഥികളുടെ കൂട്ടത്തിലുണ്ടായിരുന്നു.

### അമേരിക്കയിൽ നിന്നുള്ള സ്ഥാനാർത്ഥികളോടുണ്ടായിരുന്ന മനോഭാവം

അമേരിക്കൻ മെത്രാസനത്തെപററി അർത്ഥശൂന്യമായ ചില വാർത്തകൾ, അമേരിക്കയിലും, നാട്ടിലുമുള്ള ചില സ്വാർത്ഥമതികൾ പരത്തിയതു്, അമേരിക്കയിലെ അർഹരായ സ്ഥാനാർത്ഥികൾക്കും കഴിഞ്ഞതെരഞ്ഞെടുപ്പിൽ ദോഷം ചെയ്തില്ലായിരുന്നെങ്കിൽ അമേരിക്കയിൽനിന്നുള്ള ഒരു സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെടുമായിരുന്നു. കൂടെ അമേരിക്കൻ മെത്രാസനമോ, മെത്രാസന മെത്രാപ്പോലീത്തായോ അറിയാത്ത സ്വാനാർത്ഥിത്വവും അർഹതയുള്ളവനു് ദോഷം ചെയ്തു. എന്നാൽ അമേരിക്കൻ മെത്രാസനത്തെപ്പററിയുള്ള തെററിദ്ധാരണകൾ മാറുവാൻ കഴിഞ്ഞ തെരഞ്ഞെടുപ്പു സഹായിച്ചു. മെത്രാസന മെത്രാപ്പോലീത്തായുടെ കയ്യൊപ്പുകൂടിയില്ലാത്ത നാമനിർദ്ദേശങ്ങൾ സ്വീകരിക്കയില്ലെന്നു വന്നാൽ പല സ്ഥാനാർത്ഥികളും രംഗത്തു വരാതിരിക്കയും സഭാന്തരീക്ഷം വളരെയേറെ പവിത്രമായിരിക്കയും ചെയ്യും.

### സ്ഥാനാർത്ഥികളുടെ തത്വദീക്ഷയില്ലാത്ത പ്രചരണവേല

സ്ഥാനാർത്ഥികളോ, അവർക്കുവേണ്ടി മററുള്ളവരോ ഇന്നത്തെ സാഹചര്യത്തിൽ പ്രചരണവേല ചെയ്യുന്നതു് തെററന്നുപറവാൻ സാദ്ധ്യമല്ല. സത്യംപറയുന്നതിൽ തെററില്ലെങ്കിലും തെററു പറയുന്നതിൽ സത്യമില്ല. 'y' എന്ന സ്ഥാനാർത്ഥി ഇന്നയിന്ന കാരണങ്ങളാൽ അർഹനല്ലെന്നു പറയാമെങ്കിലും കളവു പറയുന്നതു് നന്നല്ല. മൂന്നാംകിട രാഷ്ട്രീയത്തെയും വെല്ലുന്ന തന്ത്രങ്ങൾ ഉപയോഗിച്ചവരും ഉണ്ടെന്നാണ് സംസാരം. ഒരുമാസത്തോളം കാറുകളും ജീപ്പുകളും ഉപയോഗിച്ചവരും ഉണ്ടു്. അതിലുപരി ഒരു സംവിധാനം സഭയ്ക്കില്ലാത്തതിനാൽ അതു തെററാണെന്നു് പറവാൻ കഴിയുന്നില്ല.

### ജയിക്കില്ലെന്നു നിശ്ചയമുള്ളവർക്കും കൈവിരലിലെണ്ണാൻ വോട്ടു കിട്ടി.

തങ്ങൾ വിജയിക്കയില്ലെന്നു് ഉറപ്പുള്ളവർക്കും, അല്പമായെങ്കിലും വോട്ടുകിട്ടിയകാരണം പോൾ ചെയ്തതിന്റെ 51% നേടാൻ അർഹരെയും സമ്മതിച്ചില്ല. ജയിക്കില്ലെന്നുറപ്പുള്ളവർ എന്തിനാണ് സ്ഥാനാർത്ഥിയാകുന്നതെന്നറിയില്ല.

(ശേഷം 6-ാം പേജിൽ)

**ധ്യാനവേദി** **അദ്ധ്യായം ആറു് (തുടർച്ച)**

# ക്രിസ്താനുകരണം

**തോമസ് എ. കെംപിസ്**

മനസ്സാക്ഷിയുടെ നല്ല സന്തോഷത്തെപ്പററി

നന്മയുള്ളവന്റെ മഹത്വം അവന്റെ മനസ്സാക്ഷിയിൽ നിക്ഷിപ്തമാണ്; അവനെക്കുറിച്ചാളുകൾ പറയുന്നതിലല്ല. ധർമ്മിഷ്ഠന്റെ സന്തോഷം ദൈവത്തിൽനിന്നുവരുന്നു; അവനിൽ ആശ്രയിക്കുന്നു. അവരുടെ സന്തോഷം സത്യത്തിൽനിന്നുവരുന്നു. സത്യമായ നിത്യമഹത്വം അഭിലക്ഷിക്കുന്ന ഒരു മനുഷ്യനു് ഈ ലോകമഹത്വത്തിൽ യാതൊരു താല്പര്യവുമില്ല. എന്നാൽ ഈ ലോക മഹത്വത്തെ അന്വേഷിക്കുന്ന, തന്റെ രഹസ്യഹൃദയത്തിൽ അതിനെ ദ്വേഷിക്കാത്ത ഏതൊരുവനും സ്വർഗ്ഗീയ മഹത്വത്തോടു് അല്പ സ്നേഹമുള്ളവനായി മാത്രം കാണപ്പെടുന്നു. പ്രശംസയേയോ അഭിശംസയോ പരിഗണിക്കാത്തവൻ മഹത്തായ ആന്തരശാന്തിയെ അറിയുന്നു; മനസ്സാക്ഷി ശുദ്ധമായ ഒരു മനുഷ്യനു് സാഫല്യവും സ്വസ്ഥതയും കണ്ടെത്തുക സുകരമാണ് പ്രശംസ നിങ്ങളെ ഉള്ളതിനേക്കാൾപരിശുദ്ധമാക്കുന്നില്ല അഭിശംസ കൂടുതൽ ദുഷ്ടവും. നിങ്ങൾ ശരിക്കും എന്തായിരിക്കുന്നുവോ അതാകുന്നു-ദൈവദൃഷ്ടിയിൽ നിങ്ങൾ എങ്ങനെയാണോ അതിനേക്കാൾ അല്പംപോലും മെച്ചപ്പെടുത്തുന്നില്ല. യഥാർത്ഥത്തിൽ

(ശേഷം 6-ാം പേജിൽ)

**പ്രൊഫ. കെ. വി. തമ്പി**



# വഴിയറിയാതെ

## പതിനെട്ട്

**ജേക്കബ് കണ്ണന്താനം**

....യഹോവേ! എൻെറ അവസാനത്തെയും എൻെറ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കേണമെ! ഞാൻ എത്ര ക്ഷണികൻ എന്ന് ഞാൻ അറിയുമാറാകട്ടെ. ഇതാ നീ എൻെറ നാളുകളെ നാലു വിരൽ നീളമാക്കിയിരിക്കുന്നു! എൻെറ ആയുസ്സ് നിൻെറ മുമ്പാകെ ഏതുമില്ലാത്തതുപോലെ ഇരിക്കുന്നു. ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രെ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം! അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം! അവൻ ധനം സമ്പാദിക്കുന്നു. ആർ അനുഭവിക്കും എന്ന് അറിയുന്നില്ല —.

അച്ചൻകുഞ്ഞിൻെറ മൃതദേഹത്തിനരികിലിരുന്ന് ആരോ ഈണത്തിൽ വേദപുസ്തകം വായിക്കുകയാണ്.

തുടർന്നുള്ള വാചകങ്ങൾ കേൾക്കാനോ അതു ശ്രദ്ധിക്കാനോ ഡോക്ടറുടെ മനസ്സ് കൂട്ടാക്കിയില്ല. ''അവൻ ധനം സമ്പാദിക്കുന്നു! ആർ അനുഭവിക്കും എന്ന് അറിയുന്നില്ല!'' പിന്നെയും പിന്നെയും ആ വാചകംതന്നെ അദ്ദേഹത്തിൻെറ കാതുകളിൽമുഴങ്ങിക്കൊണ്ടിരുന്നു.

''അവൻ ധനം സമ്പാദിക്കുന്നു....—''

അതെ; താൻ ധനം സമ്പാദിക്കുകയായിരുന്നു. അനുഭവിക്കാൻ ആളില്ല, എന്ന് അറിഞ്ഞിരുന്നിട്ടും ഇന്നലെവരെയും താൻ സമ്പാദിച്ചു കൂട്ടുകയായിരുന്നു. ഇതു മാത്രമല്ല ലക്ഷ്യം; മനുഷ്യനു ജീവിതത്തിൽ മററു പലതും ചെയ്യാനുണ്ട്, മററു പലതിനെയും സ്നേഹിക്കാനും ആരാധിക്കാനും ഉണ്ട് എന്നു മനസ്സിലാക്കേണ്ട സമയത്തു മനസ്സിലാക്കാൻ തനിക്കു കഴിഞ്ഞില്ലല്ലോ.

പഠിക്കുന്ന കാലത്ത് വലിയ ആദർശവാദിയായിരുന്നു. കൈക്കൂലി വാങ്ങുന്ന ഡോക്ടർമാരെ വെടിവെച്ചു കൊല്ലണമെന്നും, പ്രതിഫലം പോലും ഇച്ഛിക്കാത്ത ആതുരസേവനം മാത്രമായിരിക്കണം നമ്മുടെ ലക്ഷ്യമെന്നും, രോഗികളോ അവരുടെ ബന്ധുക്കളോ മനസ്സറിഞ്ഞു തരുന്ന പാരിതോഷികം പോലുംസ്വീകരിക്കരുതെന്നും, അവയൊക്കെ നന്ദിപൂർവ്വം നിരസിക്കുകയാണു വേണ്ടതെന്നും മററും വീറോടെ പ്രസംഗിച്ച് സഹപാഠികളുടെയും അദ്ധ്യാപകരുടെയും കൈയടി വാങ്ങിയിട്ടുണ്ട്. പക്ഷെ എന്നാണ് തൻെറ ആദർശം പൊളിഞ്ഞുപോയതു്? എവിടെവച്ചാണ് താൻ അതു നഷ്ടപ്പെടുത്തി കളഞ്ഞതു്? ഓർമ്മിക്കാൻ കഴിയുന്നില്ല.

എന്തുചെയ്താലും, എന്തുകിട്ടിയാലും തൃപ്തി വരാത്ത ഒരു ജീവി ആയിരുന്നു ഗ്രേസി. മൂത്ത മകൾ അന്യജാതിക്കാരനെ തന്നിഷ്ടപ്രകാരം വിവാഹം കഴിച്ചപ്പോഴും അവൾ തന്നെയാണല്ലോ കുററപ്പെടുത്തിയതു്.

''ഒരു പ്രായമാകുമ്പോൾ ചാടിപ്പോകുന്നതു് നിങ്ങളുടെ കുടുംബത്തിലെ പെണ്ണുങ്ങളുടെ സ്വഭാവമാ! നമ്മുടെ മകളും ആ വർഗ്ഗമല്ലേ? എങ്ങനെയാ മോശം വരുന്നതു്?''

ഇതു മാത്രമല്ല. ഗ്രേസി പണത്തോടും ആർത്തിയുള്ള കൂട്ടത്തിലായിരുന്നു. അവളുടെ അപ്പനും സഹോദരങ്ങളും സമ്പന്നരായിരുന്നു. അവരെക്കാളും ഒട്ടും മോശമല്ലാത്ത രീതിയിൽ, അല്പം കൂടെ കവിഞ്ഞ നിലയിൽ നമുക്കും ജീവിക്കണമെന്ന ആഗ്രഹം എന്നും അവളെ ഭരിച്ചിരുന്നു. അതുകൊണ്ടല്ലേ, ആനിയുടെ കല്യാണം കഴിഞ്ഞപ്പോൾ, 'ഇത്രയും കാലം വീട്ടുകാരെ സഹായിച്ചില്ലേ, ഇനി മതി. ഇനി നമുക്ക് ജീവിക്കേണ്ടേ?' എന്ന് അവൾ ചോദിച്ചതു്. ഒരു പക്ഷെ അവളുടെ നിരന്തരമായ പ്രേരണ, തന്നെ ഒരു ധനമോഹി ആക്കിയതാവണം!

പക്ഷെ അവൾ തനിക്കു കൂട്ടായി വരുന്നതിനു മുമ്പേയും താൻ കൈക്കൂലി വാങ്ങിച്ചിട്ടുണ്ട്. കൈക്കൂലി എന്നു പറയാൻ വയ്യല്ലോ. എനിക്കു് ഇന്നതുകിട്ടണം, എങ്കിലേ ഞാൻ അതു സാധിച്ചു തരൂ എന്ന് ശഠിച്ച് വാങ്ങിക്കുന്നതാണ് കൈക്കൂലി! ഡോക്ടർ രോഗികളിൽനിന്നു സ്വീകരിക്കുന്നതു് ഒരിക്കലും കൈക്കൂലിയാവില്ല. വെറും ഒരു പാരിതോഷികം. അല്ലെങ്കിൽ സമ്പത്തിലൂടെയുള്ള ഒരു നന്ദിപ്രകടനം.

എം. ഡി. ക്കു് ചേരുംമുമ്പ് ഒരു വർഷക്കാലത്തോളം ഒരു സർക്കാർ ആശുപത്രിയിൽ ജോലി ചെയ്യാനിടയായി. പട്ടണത്തിൽനിന്ന് അകന്ന്, പട്ടണത്തിൻെറ പരിഷ്ക്കാരവും കാപട്യവുമൊന്നും കടന്നു ചെന്നിട്ടില്ലാത്ത ഒരുൾനാടൻ ഗ്രാമം. ശുദ്ധാത്മാക്കളായ നാട്ടിൻപുറത്തുകാർ. ഡോക്ടറെ, 'യജമാനൻ' എന്ന് ഭയഭക്തി ബഹുമാനപുരസ്സരമാണ് ആൾക്കാർ വിളിക്കുക. വഴിയെ നടന്നുപോകുമ്പോൾ കാണുന്നവർ ആദരവോടെ കൈകൂപ്പും.

ധനാഢ്യനും പൊതുക്കാര്യപ്രസക്തനും, വക്കീൽ സാർ എന്ന് അറിയപ്പെടുന്ന ആളുമായ കോശി വക്കീലിൻെറ വീട്ടിലായിരുന്നു താമസം. മിക്കപ്പോഴും രോഗികളോ അവരുടെ ബന്ധുക്കളോ ആവും രാവിലെ വിളിച്ചുണർത്തുക. കൈയിൽ ഏത്തക്കുലയോ പാനിയോ, താറാമുട്ടയോ ഇതുപോലെയുള്ള മററു് ഉപഹാരങ്ങളോ ഉണ്ടാകും. പണംതരുന്നവരും ഇല്ലാതില്ല. പക്ഷെ അവർ ചുരുക്കമാണെന്നു മാത്രം.

ഇതിൻെറയൊന്നും ആവശ്യമില്ല, ആശുപത്രിയിൽ വന്നു കണ്ടാൽ മതി, ഇത്തരം കാഴ്ചകളൊന്നുമില്ലെന്നുവച്ച് ആരെയും പരിശോധിക്കാതിരിക്കുകയോ ചികിത്സിക്കാതിരിക്കുകയോ ചെയ്യുകയില്ല, എന്നു പറഞ്ഞാലൊന്നും ആൾക്കാർ സമ്മതിക്കുകയില്ല. ഇതൊക്കെ ഒരു സന്തോഷത്തിനാണെന്നാണ് അവർ പറയുക.

ആ ഒരു വർഷത്തെ അവിടത്തെ ജോലിക്കിടയിൽ കൈകാര്യം ചെയ്യേണ്ടിവന്ന ഒരു കേസ്സ് പിന്നീടു വന്ന എത്രയോ രാത്രികളിൽ തൻെറ ഉറക്കം നഷ്ടപ്പെടുത്തികളഞ്ഞു! ഇന്നും ഓർക്കുമ്പോൾ മനസ്സിൻെറ ഏതോ ഉള്ളറകളിൽ ആത്മനിന്ദയുടെ ചാകാത്ത പുഴക്കൾ അരിച്ചരിച്ചു നീങ്ങും. കുററബോധത്തിൻെറ കെടാത്ത തീയ് നീറിനീറിപ്പുകയും! പിന്നെ അതു് ആളിക്കത്തും...

നല്ലഉറക്കത്തിലാണ്കതകിൽമുട്ടുകേട്ടതു്. ഞെട്ടി ഉണർന്ന് കതകു തുറക്കുമ്പോൾ വാതിൽക്കൽ വക്കീൽ സാർ. തൊട്ടു പിന്നിൽ രണ്ടോ മൂന്നോ ആളുകൾ, വരാന്തയിൽ തൂക്കിയിട്ട റാന്തൽ വിളക്കിൻെറ വെളിച്ചത്തിൽ അവരുടെ മുഖം വ്യക്തമല്ലായിരുന്നു. ഏതോ രോഗികളായിരിക്കണം, വക്കീൽ സാറിനു് വേണ്ടപ്പെട്ട ആരോ.

തീപ്പെട്ടി തപ്പിയെടുത്ത് മേശ വിളക്കു കൊളുത്തി. തീപ്പെട്ടിക്കൊള്ളി ഊതിയണച്ചു, ജനാലയിലൂടെ പുറത്തേക്കെറിഞ്ഞിട്ട് ചോദിച്ചു.

'എന്താ വക്കീൽ സാറെ? പുറത്ത് ആരാ? എന്താണ സുഖം?'

അതിനു് മറുപടി പറയാതെ വക്കീൽസാർ മുറിക്കുള്ളിലേക്കു കയറി.

'ഡോക്ടർ ഇരിക്കൂ. പറയട്ടെ.

ഒരു കസേര വലിച്ചിട്ട് അതിൽ ഇരിക്കാതെ, പുറത്തേക്കു് നോക്കി വക്കീൽ സാർ വിളിച്ചു.

'കുമാരൻ സാർ കയറി വന്നാട്ടെ!'

അൻപതിനടുത്തു പ്രായമുള്ള, ദീർഘകായനായ ഒരാളാണ് മുറിയിലേക്കു കയറി വന്നതു്. അങ്ങിങ്ങു നര കയറിയ മുടിയും, പിരിച്ചുവച്ച കൊമ്പൻ മീശയും! കുമാരൻ സാർ തെല്ല് അധികാരത്തിൽ കസേര ഒന്നുകൂടി വലിച്ചടുപ്പിച്ചിട്ട് അതിൽ ഇരുന്നു.

'നീയും കേറിവാടാ സണ്ണീ!'

വക്കീൽ സാർ വീണ്ടും വിളിച്ചപ്പോൾ സണ്ണി കടന്നു വന്നു. മുപ്പതിൽ താഴെ പ്രായമുള്ള കറുത്തു കുറിയ ഒരു ചെറുപ്പക്കാരൻ. കഴുത്തിലെ കനത്ത സ്വർണ്ണച്ചങ്ങല ആളൊരു ധനാഢ്യനാണെന്ന് വിളിച്ചറിയിക്കുന്നുണ്ടായിരുന്നു.

പുറത്ത് പിന്നെയും ആരൊക്കെയോ ഉണ്ടെന്ന് അടക്കിപിടിച്ച സംസാരത്തിൽ നിന്നും, ഇരുളിൽ, എരിയുന്ന ബീഡിത്തുണ്ടുകൾ തീർക്കുന്ന സുഷിരങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അവരെ ആരെയും അകത്തേക്കു കയററാതെ വക്കീൽ സാർ വാതിലടച്ചു കുററിയിട്ടു. വലിച്ചു കൊണ്ടിരുന്ന സിഗരററിൻെറ അവസാനത്തെ പുകയും ഉള്ളിലാക്കി കുററി പുറത്തേക്കെറിഞ്ഞിട്ട് വക്കീൽ സാറും കസേരയിൽ ഇരുന്നു. സണ്ണി മാത്രം ഇരുന്നില്ല. അയാൾ ചുമരുചാരി നിന്നതേയുള്ളു.

ആഗതരെ വക്കീൽ സാർ പരിചയപ്പെടുത്തി.

'ഇതു് കുമാരൻ സാർ. സ്ഥലത്തെ പോലീസ് ഇൻസ്പെക്ടർ! മറേറതു് സണ്ണി. എൻെറ അടുത്ത ബന്ധത്തിലുള്ള ഒരച്ചായൻെറ മകൻ. ഇവർ വന്നിരിക്കുന്നതു് ഡോക്ടറെ ഒന്നു കാണാനാണ്''

എന്നെ കാണാനോ? അതിനു് ഇവർക്കാർക്കും രോഗമൊന്നും ഉള്ള ലക്ഷണം കാണുന്നില്ലല്ലോ, എന്ന ചോദ്യം ഉള്ളിലുയർത്തി സംശയിച്ച് ഇരുന്നപ്പോൾ കുമാരൻ സാർ ഒരു വെടലച്ചിരിയോടെ പറഞ്ഞു.

'ഈശ്വരൻ സഹായിച്ച് ഞങ്ങൾക്കു് യാതൊരു രോഗവും ഇല്ല! ഡോക്ടർ ഞങ്ങളെ കുത്തുകയും കീറുകയും ഒന്നും ചെയ്തു കളയരുതു്!'

'പക്ഷെ കീറണം. വേണ്ടേ?'

ചോദിച്ചിട്ട് വക്കീൽ സാർ കുമാരൻ സാറിനെ നോക്കി അർത്ഥഗർഭമായ ഒരു ചിരി ചിരിച്ചു.

'ഓ വേണം വേണം!'

സംഗതി ഇപ്പോഴാണ് തനിക്കു് പിടി കിട്ടിയതെന്നഭാവത്തിൽ തല അങ്ങോട്ടുമിങ്ങോട്ടും വെട്ടിച്ചുകൊണ്ട് കുമാരൻ സാർ ഇളകിച്ചിരിച്ചു. സണ്ണിയും ആ ചിരിയിൽപങ്കുചേർന്നു.

പെട്ടെന്ന് വക്കീൽ സാർ ഗൗരവം വീണ്ടെടുത്തു.

'താമശ പറയാനും ചിരിക്കാനുമുള്ള സമയമല്ലല്ലോ ഇതു്. നിങ്ങൾ വന്ന കാര്യമങ്ങോട്ടു പറഞ്ഞാട്ടെ കുമാരൻ സാറെ. വെറുതെ ഡോക്ടറെ മെനക്കെടുത്താതെ.'

'ഞാൻ പറയാനോ? വക്കീൽ സാർ പറഞ്ഞാൽ മതി.'

കുമാരൻ സാർ കൈയൊഴിഞ്ഞു.

'അതെ, അച്ചായൻ പറഞ്ഞാ മതി.'

സണ്ണിയും അതു ശരിവച്ചു.

തുടങ്ങാൻ അല്പം മടി ഉണ്ടായിരുന്നെങ്കിലും, വിഷയം പറഞ്ഞുതീർക്കാൻ വക്കീൽ സാറിനു് പെട്ടെന്നു കഴിഞ്ഞു.

കാര്യം ഇത്രയുമേ ഉള്ളൂ —

സണ്ണിയുടെ അപ്പൻ ഔസേപ്പച്ചൻ നാട്ടിലെ ധനികനും, ഗവണ്മെൻറ് കോൺട്രാക്ടറും, പ്ലാൻററും മററും മററുമാണ്, പണക്കാരനേൻേറതായ എല്ലാ നന്മകളും തിന്മകളും കൈവശമുള്ള വ്യക്തി. സ്ത്രീ എന്നും ആളിൻെറ ഒരു ദൗർബല്യം ആയിരുന്നു. ഒന്നാംതരമൊന്നും വേണമെന്നു നിർബന്ധ

(ശേഷം 4-ാംപേജിൽ)


## ഉടൻ ആരംഭിക്കുന്ന പുതിയ നോവൽ

പണക്കൊഴുപ്പിൻെറ ലഹരിയിൽ ബന്ധങ്ങളും മറന്ന് ജീവിതം അമ്മാനമാടിയ ഒരു കുടുംബത്തിലെ ചിലഹതഭാഗ്യരുടെ കരളലിയിക്കുന്ന കഥ

# പുതിയ പുലരികൾ തേടി

എഴുതുന്നത്:— ജോസ് അന്തിനാട്

